**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 445** **15-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള കെ.എസ്.ആർ.ടി.സി. കൺസഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ഇരുപത്തിയഞ്ച് വയസിന് മുകളിൽ പ്രായമുള്ള വിദ്യാർത്ഥികളുടെ കൺസഷൻ നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | പെൻഷൻകാരായ പഠിതാക്കൾ, പ്രായപരിധി ബാധകം അല്ലാത്ത റെഗുലർ കോഴ്സ് പഠിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾക്ക് കൺസഷൻ ആനുകൂല്യം നൽകുവാൻ കഴിയില്ല. ആയതിനാൽ വിദ്യാർത്ഥി കൺസഷൻ നൽകുന്നതിനുള്ള പരമാവധി പ്രായപരിധി 25 വയസ്സായി നിജപ്പെടുത്തണമെന്ന് കെ.എസ്.ആർ.ടി.സി. തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സ്വകാര്യ സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കുള്ള യാത്രാസൗജന്യവും ആദായ നികുതി നൽകുന്ന രക്ഷകർത്താക്കളുടെ കുട്ടികൾക്കുള്ള യാത്രാ ഇളവും നിർത്തലാക്കാൻ കെ.എസ്.ആർ.ടി.സി. തീരുമാനം എടുക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് അനുവദിച്ച് വരുന്ന യാത്രാ സൗജന്യം നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.<br><br>കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ശമ്പളം പോലും നൽകാൻ ബുദ്ധിമുട്ട് നേരിടുന്ന സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. നിലവിൽ ലഭിയ്ക്കുന്ന വരുമാനം ചിലവിന് പര്യാപ്തമല്ല. ഈ സാഹചര്യത്തിലും കെ.എസ്.ആർ.ടി.സി.യിൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസുകളിൽ നിന്നും വ്യത്യസ്തമായി പൂർണ്ണമായും സൗജന്യ യാത്രയാണ് നൽകി വരുന്നത്. കൂടാതെ മറ്റ് വിദ്യാർത്ഥികൾക്ക് സൗജന്യ നിരക്കിൽ യാത്രയ്ക്കായി കൺസഷൻ ടിക്കറ്റും നൽകി വരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് കൺസഷൻ വിതരണം ചെയ്ത വകയിൽ 2007-08 മുതൽ 2015-16 വരെ (Audited) 503.35 കോടി രൂപയും, 2016-17 മുതൽ 2021-22 വരെ (un-audited) 388.13 കോടി രൂപയും വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്.<br><br>സെൽഫ് ഫൈനാൻസ് കോളേജുകളിലെയും സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുഴുവൻ കുട്ടികൾക്കും സൗജന്യ നിരക്കിൽ കൺസഷൻ അനുവദിക്കുന്നതാണ്. എന്നാൽ അൺ എയ്ഡഡ്, |

| | | | |
|---|---|---|---|
| | | | സെൽഫ് ഫിനാൻസിംഗ്, സ്വാശ്രയ കോഴ്സുകൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ യാത്രാ ചിലവിന്റെ 35%വും രക്ഷകർത്താവ് 35%വും കെ.എസ്.ആർ.ടി.സി. 30%വും വഹിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.<br><br>സർക്കാർ അർദ്ധ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും, സ്പെഷ്യൽ സ്കൂളുകൾ, സ്പെഷ്യലി ഏബിൾഡ് ആയ വിദ്യാർത്ഥികൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്ന കേന്ദ്രങ്ങൾ എന്നിവയിലെ വിദ്യാർത്ഥികൾക്കും യാത്രാ സൗജന്യത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല.<br><br>കൂടാതെ സർക്കാർ അർദ്ധ സർക്കാർ കോളേജുകൾ, സർക്കാർ അർദ്ധ സർക്കാർ പ്രൊഫഷണൽ കോളേജുകൾ എന്നിവിടങ്ങളിലെ ആദായ നികുതി നൽകുന്ന സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന മാതാപിതാക്കളുടെ വിദ്യാർത്ഥികൾ ഒഴികെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും കൺസഷൻ നിലവിലുള്ള രീതിയിൽ തുടർന്നതാണ്. |
| (സി) | വിദ്യാർത്ഥികളുടെ കൺസഷൻ സംബന്ധിച്ച വിഷയം കെ.എസ്.ആർ.ടി.സി.യുടെ ബോർഡ് മീറ്റിംഗിൽ ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ബോർഡ് മീറ്റിംഗിലെ തീരുമാനം വിശദമാക്കാമോ? | (സി) | വിദ്യാർത്ഥികളുടെ കൺസഷൻ വിതരണവുമായി ബന്ധപ്പെട്ട് പൊതുവായ തീരുമാനം എടുക്കുന്നത് സംബന്ധിച്ച ശുപാർശകളൊന്നും ബോർഡ് മീറ്റിംഗിൽ വച്ചിട്ടില്ല. എന്നാൽ കാസർഗോഡ് - മംഗലാപുരം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നതിനായി ഡിസ്കൗണ്ടിൽ സീസൺ ടിക്കറ്റ് മാതൃകയിൽ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ശുപാർശ ബോർഡ് മീറ്റിംഗിൽ വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ